**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 4642 26.10.2016-ൽ മറുപടിയ്ക്ക്**

**കോഴി വളർത്തലും കന്നുകാലി വളർത്തലും**

| ചോദ്യം | | ഉത്തരം |
|---|---|---|
| | **ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**,, വി.പി.സജീന്ദ്രൻ**<br>**,, അൻവർ സാദത്ത്**<br>**,, അനിൽ അക്കര** | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) | കോഴി വളർത്തലും കന്നുകാലി വളർത്തലും നിലവിൽ കൃഷിയായി അംഗീകരിച്ചിട്ടുണ്ടോ; | എ) 28/3/2015-ലെ കൃഷി വകുപ്പിന്റെ സ.ഉ(പി) നമ്പർ.59/15/കൃഷി ഉത്തരവ് പ്രകാരം മുൻ സർക്കാർ അംഗീകരിച്ച കാർഷിക വികസനനയത്തിൽ കോഴിവളർത്തലും കന്നുകാലി വളർത്തലും കൃഷിയായി അംഗീകരിച്ചിട്ടുണ്ട്. |
| ബി) | ഇല്ലെങ്കിൽ ഇവയ്ക്ക് അംഗീകാരം നൽകി, കൃഷിക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ കോഴി വളർത്തലിലും കന്നുകാലി വളർത്തലിലും ഏർപ്പെട്ടിരിക്കുന്നവർക്കും നൽകുമോ;വിശദമാക്കുമോ? | ബി) മേൽ കാർഷിക നയത്തിൽ പൗൾട്രി വികസനത്തിനായുള്ള നയങ്ങൾ ചുവടെ ചേർക്കുന്നവയാണ്.<br>നയം 216: അന്യസംസ്ഥാനത്തു നിന്നും കൊണ്ടുവരുന്ന ബ്രോയിലർ കോഴികൾക്ക് പ്രവേശന നികുതി ഈടാക്കുകയും പ്രാദേശിക ഉൽപാദനത്തിനെ ഇതിൽ നിന്നും ഒഴിവാക്കുകയും വേണം.<br>നയം.217 സംസ്ഥാനത്തെ ഒരു ഇറച്ചിക്കോഴി കർഷകന് ഒരു വർഷത്തെ വിറ്റുവരവിൽ 10 ലക്ഷം രൂപവരെയുള്ള തുകയ്ക്ക് നികുതിയിളവ് നല്കേണ്ടതാണ്.<br>നയം.218: ബ്രോയിലർ കൃഷിയെ ഒരു കാർഷിക പ്രവർത്തനമായി കണക്കാക്കി, ഇതിനാവശ്യമായ വൈദ്യുതി കാർഷിക വൈദ്യുതി നിരക്കിൽ ലഭ്യമാക്കണം.<br>മേൽ നയങ്ങൾ സാമ്പത്തിക ബാധ്യത ഉള്ളതായതിനാൽ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ